# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>2014 -15 -ലെ കേന്ദ്രബജറ്റിൽ കേരളത്തിനു വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ</u>

6566 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 -15 കേന്ദ്ര ബജറ്റിൽ കേരളത്തിന് വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നൂറു ശതമാനം കേന്ദ്രസഹായം ഉള്ളവ</u>

6567 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 100 ശതമാനം കേന്ദ്രസഹായം ഉള്ളവ ഏതെല്ലാം ; 100 ശതമാനം താഴെ കേന്ദ്രസഹായം ഉള്ള പദ്ധതികൾ ഏതെല്ലാമെന്നു പറയാമോ ;

(ബി) മേൽപറഞ്ഞ പദ്ധതികളിൽ ഓരോന്നിനും സംസ്ഥാനത്തിന് അർഹമായ തുക കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്രയായിരുന്നുവെന്നു വർഷം തിരിച്ച് അറിയിക്കുമോ ; ഇതിൽ ഓരോ വർഷത്തിലും യഥാർത്ഥത്തിൽ നേടിയെടുക്കാൻ കഴിഞ്ഞ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമുള്ള തുക വകകൊള്ളിക്കാത്തതിനാൽ നടപ്പാക്കാൻ കഴിയാതെപോയ കേന്ദ്രസഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രസഹായം ലഭിക്കാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതെപോയവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ബഡ്ജറ്റ് പ്രഖ്യാപനത്തിലെ നടപ്പിലാകാത്ത പദ്ധതികൾ

T6568 ശ്രീ. എ.കെ ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് എസ്റ്റിമേറ്റിലുമായി പ്രഖ്യാപിച്ച 174 പദ്ധതികൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിലെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിൽ വരുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>2013-14ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനുവേണ്ടി വകകൊള്ളിച്ച തുക</u>

6569 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം 2013-14 ലെ ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ഓരോ വകുപ്പിനുവേണ്ടി വക കൊള്ളിച്ച തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(ബി) മുഴുവൻ തുകയും ചെലവഴിച്ച വകുപ്പുകൾ എത്ര ;

(സി) ചെലവഴിക്കാൻ 50ശതമാനം ബാക്കിയുള്ള വകുപ്പ് ഏതെല്ലാം ;

(ഡി) ചെലവഴിക്കുന്നതിൽ കുറവ് വരാനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

6570 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അധിക വിഭവസമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധിക്കുള്ള കാരണം വിശദമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കടമെടുക്കുന്നതിനുള്ള പരിധി</u>

6571 ഡോ. ടി.എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജി. സുധാകരൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമെടുക്കുന്നതിനുള്ള പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ എത്ര കോടി രൂപ കടമെടുത്തു എന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു വെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് സംസ്ഥാനത്ത് കടം എടുക്കാവുന്നതെന്നും അതേ ആവശ്യങ്ങൾക്ക് തന്നെയാണോ കടം എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) തന്നാണ്ടിൽ ദേശീയ ഗ്രാമീണാരോഗ്യമിഷൻ, സർവ്വ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ, സംസ്ഥാനത്ത് സ്കൂളുകളിൽ നൽകിവരുന്ന ഉച്ച ഭക്ഷണ പദ്ധതി തുടങ്ങിയവയ്ക്കുള്ള കേന്ദ്രവിഹിതം ലഭ്യമായിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(ഇ) ഈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം നലകുന്നതിനുള്ള ഫണ്ട് ലഭ്യമാണോ; ഈ പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക തടസ്സമുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഇ-ഫയലിംഗ് സംവിധാനത്തിലെ പോരായ്മകൾ</u>

6572 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കിയത് വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ;

(ബി) ഇ-ഫയലിംഗ് വഴി ഫയലുകൾ തപാൽ നമ്പരിട്ട് സെക്ഷനുകളിലെത്താൻ കാലതാമസം ഉണ്ടാകുന്നുണ്ടോ;

(സി) ഇ-ഫയലിംഗ് ഏതൊക്കെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) റിട്ട് പെറ്റീഷൻ പോലെ അധിക പേജുകളുള്ള ഫയലുകളിൽ ഇ-ഫയലിംഗ് സംവിധാനം കാലതാമസം ഉണ്ടാക്കുന്നുവെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഭരണാനുമതി കാത്തു കിടക്കുന്ന ഫയലുകൾ

6573 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പദ്ധതികളുടെ ഭരണാനുമതിക്കായി വന്ന എത്ര ഫയലുകൾ ധനകാര്യ വകുപ്പിൽ കെട്ടികിടപ്പുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫയലുകളിലെല്ലാം ചേർന്ന് എത്ര രൂപയുടെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(സി) ധനകാര്യ വകുപ്പിൽ മൂന്ന് മാസക്കാലമായി തീർപ്പുകൽപ്പിക്കാത്ത എത്ര ഫയലുകളുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ടി ഫയലുകളിൽ എന്നത്തേയ്ക്ക് തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം

6574 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ലക്ഷ്യം കൈവരിക്കാതിരുന്നാലുള്ള ഭവിഷ്യത്തുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

എം.എൽ.എ മാരുടെ ആസ്തിവികസന പദ്ധതി

6575 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു എം.എൽ.എക്ക് ഒരു വർഷം എത്ര പ്രവൃത്തികളാണ് അനുവദിക്കുന്നതെന്നും, ഒരു പ്രവൃത്തിക്കുള്ള ഏറ്റവും കുറഞ്ഞ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് വിങ് വഴി സമർപ്പിക്കണമെന്ന സർക്കുലറിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയ
പ്രവൃത്തികളുടെ ബില്ലുകൾ

6576 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പിന്റെ പൊതുസീനിയോറിറ്റി സംവിധാനത്തിൽ ഉൾപ്പെടുത്തിയത് കരാറുകാരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കെട്ടിടങ്ങളുടെയും മറ്റും നിർമ്മാണം ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ പിൻമാറുന്നതിന് ഇടയാക്കുന്നതായി അറിയാമോ;

(സി) ആസ്തിവികസന ഫണ്ട് പ്രകാരമുള്ള ബില്ലുകൾ പ്രത്യേകമായി പരിഗണിക്കുവാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

**ആസ്തി വികസനഫണ്ട് ഉപയോഗിച്ച് മരാമത്ത് പണികൾ ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസികൾ**

6577 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മരാമത്ത് പണികൾ നടപ്പാക്കാൻ ഏതെല്ലാം അക്രഡിറ്റഡ് ഏജൻസികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർവഴി പണി നടത്തുമ്പോൾ ഏജൻസി ഫീസ് കൊടുക്കേണ്ടതുണ്ടോ ; പ്രസ്തുത ഫീസ് നൽകുന്നത് നിജപ്പെടുത്തി സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ആസ്തിവികസന പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നത് സംബന്ധിച്ച്</u>

6578 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണ വകുപ്പ് ശുപാർശ ചെയ്ത കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾ ധനകാര്യ വകുപ്പിൽ എത്തിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ ധനകാര്യ അനുമതി നൽകി ബന്ധപ്പെട്ട വകുപ്പിന് തിരിച്ചയച്ചിട്ടുണ്ടെന്നും നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഭരണവകുപ്പ് ശുപാർശ ചെയ്ത ധനകാര്യ വകുപ്പിൽ എത്തിയ പ്രവൃത്തികളിൽ അനുമതി നൽകാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ആസ്തിവികസന പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി ധനകാര്യ അനുമതി നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

6579 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആസ്തിവികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി മുഖാന്തിരം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) ഇത്തരത്തിൽ പി.ഡബ്ല്യൂ.ഡി മുഖാന്തിരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപടിയിലിരിക്കുന്നത് പിൻവലിച്ച് തദ്ദേശസ്വയംഭരണവകുപ്പിന് നേരിട്ട് വീണ്ടും നൽകേണ്ടതുണ്ടോ;

(ഡി) ഇല്ലായെങ്കിൽ ഏതെങ്കിലും തരത്തിലുള്ള കാലവിളംബം ഭരണാനുമതി ലഭ്യമാക്കുന്നതിൽ ഇത്തരം നിർദ്ദേശങ്ങൾക്കുണ്ടാകുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

പൂർത്തിയാക്കാത്ത എം.എൽ.എ. - എസ്..ഡി..എഫ് പദ്ധതികൾ

6580 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ - എസ്. ഡി. എഫ് പദ്ധതിയിൽ 2006-2011 കാലയളവിൽ നിയമസഭാസാമാജികൻ ശുപാർശ ചെയ്ത പ്രവൃത്തികളിൽ നാളിതുവരെ ആരംഭിക്കാത്തതും പൂർത്തിയാവാത്തതുമായ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നും, പ്രസ്തുത പ്രവൃത്തികൾ ഏത് വർഷങ്ങളിൽ എം. എൽ.എ ശുപാർശ ചെയ്തതാണ് എന്നും വ്യക്തമാക്കാമോ; പ്രവൃത്തിയുടെ പേര്, ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി ഓരോന്നും നടപ്പാക്കാൻ സാധിക്കാത്തത് എന്തുകൊണ്ട് എന്നത് വ്യക്തമാക്കാമോ;

(സി) നടപ്പാകാതെ മുടങ്ങി കിടക്കുന്ന ഈ പ്രവൃത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിന് ഇക്കാലയളവിൽ നടത്തിയ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം തടസ്സപ്പെട്ടു കിടക്കുന്ന ഇത്തരം പ്രവൃത്തികളുടെ നടപടികൾ ത്വരിതപെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ എം.എൽ.എ – എ.ഡി.എസ്
2013 –2014 –ൽ ഉൾപ്പെട്ട പദ്ധതികൾ

6581 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ – എ.ഡി.എസ് 2013 –2014 –ൽ ഉൾപ്പെട്ട പദ്ധതികൾ എസ്റ്റിമേറ്റ് തയ്യാറായി ഭരണ വകുപ്പിൽ നിന്ന് ശുപാർശ ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ എത്ര പ്രവൃത്തികൾ ധനകാര്യ വകുപ്പിൽ എത്തിയിട്ടുണ്ട് എന്നും പ്രസ്തുത പ്രവൃത്തികൾ/പദ്ധതികൾ ഏതെല്ലാമാണ് എന്നും ഏതേത് നിയോജക മണ്ഡലത്തിൽ നിന്നുള്ളതാണ് എന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ ശുപാർശ ഓരോന്നും ധനകാര്യ വകുപ്പിൽ ലഭിച്ച തീയതി, ഫയൽ നമ്പർ എന്നിവ സഹിതം വിശദമാക്കാമോ;

(സി) ലഭിച്ചിട്ടുള്ള ശുപാർശകളിൽ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ; ധനകാര്യാനുമതി നൽകിയിട്ടില്ലാത്തത് ഏവ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി – പുളിയഞ്ചേരി പിഎച്ച്സി, മുചുകുന്ന് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം</u>

6582 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നിയമസഭ അംഗീകരിക്കുകയും ചെയ്ത പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണം ഏതു ഘട്ടത്തിൽ ആണെന്നു വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിക്കുന്ന ഫയൽ നമ്പർ 84270/എഡിഎം എൻ/സി1/ഫിൻ/13 എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ ഈ ഫയൽ ഏതു ഉദ്യോഗസ്ഥന്റെ കൈവശം എത്ര നാളായി നടപടി ഇല്ലാതെ തുടരുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനെതിരെ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്തെങ്കിലും തടസ്സവാദങ്ങൾ ഫയലിൽ ഉന്നയിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉന്നയിച്ചിട്ടില്ലെങ്കിൽ ഈ ഫയൽ സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കോഴികർഷകരുടെ വാർഷിക വിറ്റുവരവ്</u>

6583 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴി വളർത്തി ഉപജീവനം നടത്തുന്ന ആളുകൾക്ക് വാർഷിക വിറ്റുവരവിൽ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കൊച്ചിമെട്രോ -ടാക്സിൽ ഇളവ്</u>

6584 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ബഡ്ജറ്റിൽ കൊച്ചിമെട്രോയുടെ വർക്ക്കോൺട്രാക്ട് ടാക്സ് ഒഴിവാക്കി കൊടുക്കുന്നതിന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിക്കാണെന്നു വ്യക്തമാക്കാമോ;

(സി) ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

കൊച്ചി മെട്രോയുടെ വർക്ക് കോൺട്രാക്ട്
ടാക്സ് ഒഴിവാക്കിക്കൊടുത്ത നടപടി

6585 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ വർക്ക് കോൺട്രാക്റ്റ് ടാക്സ് ഒഴിവാക്കികൊടുത്തത് ടെണ്ടർ നടപടി പൂർത്തീകരിച്ചതിന് ശേഷമാണെന്നുള്ളത് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിധത്തിൽ ടാക്സ് ഒഴിവാക്കികൊടുക്കുന്നത് കൊണ്ട് വർക്ക് ടെണ്ടർ എടുത്ത കമ്പനികൾക്കാണ് ഇതിന്റെ ഗുണം ലഭ്യമാകുക എന്നത് ധനകാര്യ വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കൊച്ചി മെട്രോയുടെ ഇതുവരെ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ തുക ഓരോ പ്രവൃത്തിക്കും എത്രവീതമാണെന്ന് അറിയാമോ;

(ഇ) വർക്ക് കോൺട്രാക്റ്റ് ടാക്സ് ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുന്ന തുക എത്രയാണെന്ന് ധനകാര്യവകുപ്പ് കണക്കാക്കിയിട്ടുണ്ടോ;

(എ) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡിന്റെ പ്രവർത്തനം</u>

6586 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മുണ്ടക്കയം വില്ലേജിൽ പറന്താനത്തുള്ള സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2005 ജൂണിൽ പ്രവർത്തനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുകാമി ടീ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2005 ജൂണിൽ പ്രവർത്തനം നിർത്തുന്നതുമായി ബന്ധപ്പെട്ട് പീരുമേട് സെയിൽടാക്സ് ആഫീസിൽ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഒൻപതാം ശമ്പളക്കമ്മീഷനിലെ അപാകതകൾ

6587 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 9-ാം ശമ്പളപരിഷ്കരണത്തിലെ എത്ര അനോമലികളാണ് പരിഹരിച്ചു നൽകിയതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>പത്താം ശമ്പളക്കമ്മീഷൻ</u>

T6588 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ആർ. രാജേഷ്
'' പുരുഷൻ കടലുണ്ടി
'' പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളക്കമ്മീഷൻ പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കമ്മീഷൻ പരിഗണിക്കേണ്ട ടേംസ് ഓഫ് റഫറൻസ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുള്ളതാണോ;അല്ലെങ്കിൽ അതിന് തയ്യാറാകുമോ;

(സി) നിർദ്ദേശിക്കപ്പെട്ട കമ്മീഷനെക്കുറിച്ച് ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) കമ്മീഷന്റെ കാലാവധി നീട്ടിക്കൊടുക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>അസിസ്റ്റന്റുമാരുടെയും സെക്ഷൻ ഓഫീസർമാരുടെയും ശമ്പള നിരക്കിലെ അപാകത</u>

6589 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെയും സെക്ഷൻ ഓഫീസർമാരുടെയും ശമ്പള അനോമലി സംബന്ധിച്ച ഫയലിൽ ധനകാര്യ മന്ത്രി അനോമലി പരിഹരിച്ച് ഉത്തരവിറക്കിയശേഷം മന്ത്രിസഭാ യോഗത്തിൽ വച്ച് റാറ്റിഫൈ ചെയ്താൽ മതി എന്നു ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ശുപാർശ നടപ്പാക്കി ഉത്തരവ് ഇറക്കിയതിൽ നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നോ എന്നും ഉണ്ടായിരുന്നെങ്കിൽ ആയത് എന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഫയൽ മന്ത്രിസഭായോഗം നിരാകരിച്ചത് എന്നാണെന്നും അതിനുശേഷം എത്ര അനോമലികൾ പരിഹരിച്ചു നൽകി എന്നും സെക്ഷൻ ഓഫീസർ മുതൽ അസിസ്റ്റന്റ് വരെയുള്ള തസ്തികകളിലെ അനോമലി പരിഹരിച്ച് ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിക്കാനുള്ള ആവശ്യം

6590 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവ: സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിക്കു താഴെയുള്ള തസ്തികകളുടെ ശമ്പള പരിഷ്ക്കരണത്തിലുള്ള ആവശ്യം നിരാകരിച്ചത് എന്തടിസ്ഥാനത്തിലാണ് എന്നു വ്യക്തമാക്കുമോ;

(ബി) സെക്രട്ടേയിയറ്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്ന ആവശ്യം നിരാകരിച്ചതിനുശേഷം മറ്റ് വകുപ്പുകളിലെ ഏതെങ്കിലും തസ്തികയിലെ ശമ്പള പരിഷ്കരണ അനോമലി പരിഹരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികകളിലെ അനോമലി പരിഹരിച്ചത് എന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച അനോമലി ഫയലുകൾ</u>

6591 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള എത്ര അനോമലി ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) ഇവയിൽ ധനകാര്യ വകുപ്പ് നിരാകരിച്ച ഏതെല്ലാം കേസുകളിൽ മന്ത്രിസഭായോഗം അനുകൂല തീരുമാനം എടുത്തിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ധനവകുപ്പ് നിരാകരിച്ച ഏതെല്ലാം അനോമലി കേസുകളിൽ ബഹു. മുഖ്യമന്ത്രി അനുകൂല ശുപാർശ നൽകി ധനവകുപ്പിനു മടക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം</u>

6592 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത് ;

(ബി) ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ/ കീഴ്വഴക്കങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സർവ്വീസ് സംഘടനകൾ/അദ്ധ്യാപക സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സാധനവില കുതിച്ചുകയറുന്ന സാഹചര്യത്തിലും ശമ്പള പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിലും ഇടക്കാലാശ്വാസം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ഇ. എസ്. ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായം

6593 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രയായി വർദ്ധിപ്പിച്ചു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇ. എസ്. ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായം സർക്കാർ ഡോക്ടർമാരുടേതിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഇ. എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായവും മറ്റുളളവരുടേതിനോട് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

**കേന്ദ്ര കുടുംബ പെൻഷൻ ഓപ്റ്റ് ചെയ്തവർക്ക് സംസ്ഥാന കുടുംബ പെൻഷൻകൂടി നൽകാനുള്ള പദ്ധതി**

6594 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ കേന്ദ്ര ഗവൺമെന്റ് ഫാമിലി പെൻഷൻ ഓപ്റ്റ് ചെയ്ത സർക്കാർ ജീവനക്കാർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻ കൂടി നൽകുന്നതിനുള്ള ഫയൽ(No. 19138/B4/2011/Fin) നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻ കൂടി നൽകാനുള്ള തീരുമാനത്തിന് അടിയന്തരമായി നടപടി എടുക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ്</u>

6595 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഒരു കാർഡിന് എത്ര തുക നൽകണം; ഈ തുക ആരാണ് നൽകുന്നത്;

(സി) പ്രതിമാസം എത്ര കാർഡുകൾ പ്രിന്റ് ചെയ്തു വിതരണം ചെയ്യുമെന്നാണ് വ്യവസ്ഥ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര സർവ്വീസ് പെൻഷൻ വാങ്ങുന്നവരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പെൻഷനേഴ്സിന്റെ ഫോട്ടോ അടക്കം മുഴുവൻ വിവരങ്ങളും അതത് ട്രഷറികളിൽ ഉള്ളതിനാലും ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുള്ളതിനാലും ട്രഷറികളിൽതന്നെ ടി കാർഡ് പ്രിന്റുചെയ്തു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കോൺട്രിബ്യൂട്ടറി പെൻഷൻ</u>

T6596 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ ഫണ്ട് എന്നുമുതലാണ് പിടിച്ചുതുടങ്ങിയത്

(ബി) 2013 -14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് സർക്കാർ അടച്ചിട്ടുള്ളത്;

(സി) എത്ര ജീവനക്കാർക്കുവേണ്ടിയാണ് അടച്ചിട്ടുള്ളത് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫിന്റെ പി.എഫ്/പെൻഷൻ കോൺട്രിബ്യൂഷൻ</u>

6597 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡ്/കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ പി.എഫ്/പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ ഇപ്പോഴും ഡി.ഡി. മുഖേനയാണോ അയച്ച് കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഡി.ഡി.ചാർജ്ജ് ജീവനക്കാരനിൽ നിന്നാണോ ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടറും ഇന്റർനെറ്റും പ്രയോഗത്തിലുള്ള സാഹചര്യത്തിൽ അതുപയോഗപ്പെടുത്തി ഇത്തരം തുക ട്രാൻസ്ഫർ ചെയ്യുകയോ അല്ലെങ്കിൽ ഡി.ഡി. കമ്മീഷൻ സർക്കാർ തന്നെ വഹിക്കുകയോ ചെയ്യുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി</u>

6598 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നു പറയാമോ;

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ കാലാവധി മറികടന്ന് ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നുണ്ടോ എന്നു പറയാമോ; ഇപ്രകാരം തുടരുന്നുണ്ടെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമല്ലേ;വ്യക്തമാക്കുമോ;

(സി) വിജിലൻസ് കേസിൽ പ്രതിയായ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ ധനകാര്യവകുപ്പിലെ തന്നെ തസ്തികകളിലോ ഡെപ്യൂട്ടേഷനിൽ കേസിനാസ്പദമായ സ്ഥാപനങ്ങളിലെ പ്രധാന പോസ്റ്റുകളിലോ ജോലിയിൽ തുടരുന്നുണ്ടോ; കേസിന്റെ കാരണത്താൽ ഇവർക്ക് എതിരെ ധനകാര്യ വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിലെ ഭേദഗതി</u>

T6599 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 11.10.13-ലെ515/13/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാംഖണ്ഡികയിലെ ബി, സി,ഡി പിരിവുകൾ മൂലം ഡെപ്യൂട്ടേഷന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡെപ്യൂട്ടേഷനിൽ പോകുന്ന ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകുന്ന വിധം ഉത്തരവ് പരിഷ്കരിക്കുമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയ ഉത്തരവ് പുനഃപരിശോധിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

T6600 ശ്രീ. എം. എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ തസ്തികകളിലായി എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ 10 വർഷം കാലാവധി പൂർത്തിയാക്കിയ സി.എൽ.ആർ. വർക്കർമാരെ സ്ഥിരപ്പെടുത്തിയതിൽ ധനകാര്യവകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചുവോ; ഇവരെ സ്ഥിരപ്പെടുത്തിയതു മൂലം സർക്കാരിന് എത്ര രൂപയുടെ ബാധ്യതയുണ്ടായിട്ടുണ്ട്;

(സി) വനം വകുപ്പിൽ 20 വർഷം കഴിഞ്ഞ താൽക്കാലിക വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിൽ ധനകാര്യ വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ബാധ്യതയാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണ്?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യപദ്ധതി നിക്ഷേപ ഏജന്റുമാരുടെ പ്രതിഫലം</u>

6601 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ഏജന്റുമാരുടെ പ്രതിഫലം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഏത് കാലയളവ് വരെയാണ് കുടിശ്ശിക തുക നൽകാനുള്ളതെന്ന് വിശദമാക്കാമോ;

(സി) ഏജന്റുമാരുടെ പ്രതിഫലം കുടിശ്ശിക തീർത്ത് എന്നേക്ക് നൽകാനാകും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ തസ്തികകൾ നികത്തുന്നത് സംബന്ധിച്ച്</u>

6602 ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതി വകുപ്പിൽ ഡി.പി.സി. കൂടാത്തത് കാരണം പല ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.പി.സി. എത്രയും വേഗം കൂടി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>വ്യാപാരികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച്</u>
<u>മൂല്യവർദ്ധിത നികുതിയുടെ വർദ്ധനവ്</u>

6603 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവർഷവും വ്യാപാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനക്കനുസരിച്ച് മൂല്യവർദ്ധിത നികുതി വർദ്ധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) 2011-12, 2012-13 വർഷത്തിൽ ഉണ്ടായ വ്യാപാരികളുടെ വർദ്ധനവ് എത്രയെന്നും നികുതി പിരിവ് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>നികുതി വരുമാനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

6604 ശ്രീ. എളമരം കരീം
,, കെ. സുരേഷ് കുറുപ്പ്
,, പി.കെ. ഗുരുദാസന്‍
,, കെ.കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വരുമാനം വര്‍ദ്ധിപ്പിക്കുന്നതിന് നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിക്കാന്‍ എതെങ്കിലും സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സമിതി സര്‍ക്കാരിന് റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ ഇതിലെ നിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിര്‍ദ്ദേശങ്ങളില്‍ സര്‍ക്കാര്‍ ഏതെല്ലാം നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നു എന്നും ഏതെല്ലാം നിര്‍ദ്ദേശങ്ങള്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നില്ലായെന്നും വിശദമാക്കുമോ;

(ഡി) അധിക നികുതി ഏര്‍പ്പെടുത്തിയതിലൂടെ ഈ സര്‍ക്കാരിന്റെ കാലത്ത് ഓരോ വര്‍ഷവും പിരിച്ചെടുത്ത തുകയെ സംബന്ധിച്ച കണക്കുകള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>നികുതി വരുമാനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

6605 ശ്രീ. വി. ഡി. സതീശന്‍
,, കെ. മുരളീധരന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനം വര്‍ദ്ധിപ്പിക്കാന്‍ എന്തെല്ലാം കര്‍മ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികള്‍ക്ക് തുടക്കമിടുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളാണ് ഇതിനായി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന ഗതാഗതം മുഖേന നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ നടപടി</u>

6606 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' എം. ചന്ദ്രൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ വഴിയും തീവണ്ടികളിൽ കൂടിയും സാധനങ്ങൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിന് നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ഇത്തരത്തിൽ നടക്കുന്ന നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനത്തു നിന്നും ഇത്തരത്തിൽ സാധനങ്ങൾ കടത്തുന്നതു വഴി സംസ്ഥാനത്തിന് എന്തു തുക നികുതിയിനത്തിൽ നഷ്ടമാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് സംസ്ഥാന നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ട് എന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ലക്ഷ്യമിട്ട പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം</u>

6607 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, എം. ഹംസ
,, കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലക്ഷ്യമിട്ട പ്രകാരം നികുതി പിരിച്ചെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സാധ്യതയുടെ എത്ര ശതമാനം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഇനത്തിലും മുൻ സാമ്പത്തിക വർഷവും ഈ വർഷം ഇതേവരെയും സർക്കാർ ലക്ഷ്യമിട്ട തുക, പിരിച്ചെടുത്ത തുക എന്നിങ്ങനെ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് കെടുകാര്യസ്ഥതയും ഉദാസീനതയുമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ഡി) നികുതി പിരിവിലൂടെ കണ്ടെത്തുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് മറ്റ് എന്ത് മാർഗ്ഗമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

സൗന്ദര്യവർദ്ധകവസ്തുക്കളായി, നികുതി ഏർപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾ

6608 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ സൗന്ദര്യവർദ്ധകവസ്തുക്കളായിക്കണ്ട് നികുതി ഏർപ്പെടുത്തിയിരുന്ന ഏതെല്ലാം ഉത്പ്പന്നങ്ങളെയാണ് ഈ സർക്കാർ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗമാറ്റം കൊണ്ട് എത്ര ശതമാനം നികുതി ആണ് നഷ്ടപ്പെടുന്നത് എന്ന് വിശദമാക്കാമോ;

(സി) നികുതിമാറ്റം വരുത്തിയതിന്റെ തൊട്ടുമുമ്പത്തെ സാമ്പത്തികവർഷം ഈ ഇനത്തിൽ സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയാണെന്നും നികുതിമാറ്റം വരുത്തിയ സാമ്പത്തികവർഷം ഈ ഇനത്തിൽ ലഭിച്ച നികുതി വരുമാനം എത്രയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഉല്പന്നങ്ങളുടെ തരംതിരിവ്</u>

6609 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ സൗന്ദര്യവർദ്ധക വസ്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് ഉത്തരവായത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇത്തരം ഉത്പന്നങ്ങളുടെ നികുതി ഇളവിന് സർക്കാർ മുൻകാല പ്രാബല്യം തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പിയും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഇ) ഈ മുൻകാലപ്രാബല്യം കൊണ്ട് സർക്കാരിൽ അടച്ച എത്ര രൂപ ഇത്തരം കമ്പനികൾക്ക് തിരിച്ചു നൽകേണ്ടി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സബ് ട്രഷറികൾ</u>

6610 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സബ് ട്രഷറികൾ സ്ഥാപിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര സബ് ട്രഷറികൾ നിലവിലുണ്ട്;

(സി) ഏതെല്ലാം ജില്ലകളിൽ അഡീഷണൽ ജില്ലാ ട്രഷറികൾ നിലവിലുണ്ട്;

(ഡി) മലപ്പുറം ജില്ലയിൽ ഒരു ജില്ലാ ട്രഷറി മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മലപ്പുറത്ത് അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ട്രഷറികളിലെ എ.റ്റി.എം. സംവിധാനം</u>

6611 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപനപ്രകാരം എത്ര ട്രഷറികളിൽ എ.റ്റി.എം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; ഏതെല്ലാം ട്രഷറികളിൽ മറ്റടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

നോൺ ബാങ്കിംഗ് സബ്ട്രഷറിയെ ബാങ്കിംഗ് സബ്ട്രഷറിയാക്കാൻ നടപടി

6612 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ട്രഷറി നോൺ ബാങ്കിംഗ് സബ് ട്രഷറിയാണെന്ന കാര്യം അറിയുമോ;

(ബി) എങ്കിൽ പ്രസ്തുത ട്രഷറി ബാങ്കിംഗ് സബ്ട്രഷറി ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കണ്ണപുരത്ത് സബ്ട്രഷറി</u>

6613 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ജില്ലാട്രഷറികളും സബ്ട്രഷറികളുമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സബ്ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാർ ഓഫീസുകളും, പെൻഷൻകാരെയും ഇരിണാവിലെ കോസ്റ്റ് ഗാർഡ് അക്കാദമിയെയും പരിഗണിച്ച് കണ്ണപുരത്തെ ചെറുകുന്ന് തറയിൽ കണ്ണപുരം, ചെറുകുന്ന്, കല്ല്യാശ്ശേരി, മാട്ടൂൽ പഞ്ചായത്തുകളെ പരിധിയാക്കി ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

തൃക്കരിപ്പൂർ സബ്ബ് ട്രഷറി ഉത്ഘാടനം

6614 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ സബ്ബ് ട്രഷറി ആരംഭിക്കുമെന്ന ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ ട്രഷറി എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ പഞ്ചായത്ത് തയ്യാറായതിനാൽ എപ്പോൾ ഉത്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം</u>

6615 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറ്റകുറ്റപ്പണി നടത്തി താൽക്കാലികമായി ഉപയോഗ യോഗ്യമാക്കിയ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം പണിയാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറികളുടെ വില</u>

6616 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന ഭാഗ്യക്കുറികളുടെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിൽ എത്രയെണ്ണത്തിന്റെ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ;

(സി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി വരുമാനത്തിൽ എത്ര ശതമാനം വർധനവുണ്ടായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് കേസ്

6617 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ സർക്കാരിനെതിരെ സമ്മാനാർഹർ കേസ് നൽകാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ലോട്ടറി സമ്മാനാർഹർക്ക് സമ്മാനത്തുക നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെയും തടസ്സത്തിന്റെയും കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള 14 കേസുകളിൽ ഹൈക്കോടതി എത്ര കേസുകളിൽ വിധി പറയുകയുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) ടി കേസുകളിൽ എത്ര കേസുകളിൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

കാരുണ്യ ബെനവലന്റ് ഫണ്ട് പ്രവർത്തനങ്ങൾക്കായി ലെയ്സൺ ഓഫീസർ

6618 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ പ്രവർത്തനങ്ങൾക്കായി ലെയിസൺ ഓഫീസർ തസ്തിക രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയ്ക്ക് ആവശ്യമായ യോഗ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഏതൊക്കെ ഓഫീസുകളിലാണ് ലെയ്സൺ ഓഫീസർ തസ്തികയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികയിലേക്ക് നിയമനം നടത്തിയതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ തസ്തികയിലേയ്ക്ക് കരാർ നിയമനം ലഭിച്ചവരുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കരാർ നിയമനം ലഭിച്ച ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ സ്വീകരിച്ച മാനദണ്ഡത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(എച്ച്) കരാർ നിയമനം ലഭിച്ചവർ മുൻപ് ചെയ്തിരുന്ന ജോലിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് പദ്ധതിയിലേക്ക് കാരുണ്യ ഭാഗ്യക്കുറി വിറ്റുവരവിൽ നിന്നും തുക</u>

6619 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതി നടപ്പിൽ വന്നതിനുശേഷം കാരുണ്യ ഭാഗ്യക്കുറി വിറ്റുവരവിൽ നിന്നും ഇതേവരെ എത്ര തുക അതിലേക്ക് മാറ്റിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇത്രയും വലിയ സർക്കാർ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആഫീസിൽ സ്ഥിരം സർക്കാർ സർവ്വീസിലുള്ള ജീവനക്കാർ എത്ര പേരുണ്ടെന്നും, കരാർ-താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേരുണ്ടെന്നും തസ്തിക തിരിച്ച് പറയാമോ;

(സി) ഇപ്പോൾ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഏതെങ്കിലും ഉദ്യോഗസ്ഥൻ ഈ ആഫീസിന്റെ ചുമതലയിൽ ജോലി ചെയ്യുന്നുണ്ടോ;

(ഡി) കരാർ-താൽക്കാലിക ജീവനക്കാരെക്കൊണ്ട് ഇത്രയും വലിയ സംഖ്യയുടെ ദൈനംദിന ഇടപാടുകൾ നടത്തിക്കുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ കരാർ-താൽക്കാലിക ജീവനക്കാർക്ക് പകരം സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് പദ്ധതി കാര്യക്ഷമതയോടെ നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിലെ ചികിത്സ</u>

6620 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കൂടി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങള്‍</u>

6621 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിങ്ങനെ സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളില്‍ സര്‍ക്കാരിനുള്ള നിയന്ത്രണാധികാരങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ടി സ്ഥാപനങ്ങളില്‍ ഏതൊക്കെയാണ് ബാങ്കിംഗ് ബിസിനസ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ടി സ്ഥാപനങ്ങള്‍ എന്തെല്ലാം ബാങ്കിംഗ് ബിസിനസുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ്

6622 ശ്രീ. എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് മാസത്തെ ബിസിനസ്സ് അനുസരിച്ച് കെ.എസ്.എഫ്.ഇ.യിൽ എത്ര ജൂനിയർ അസിസ്റ്റന്റ്മാരുടെ ഒഴിവ് ഉണ്ട്; ഇവ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ ലിസ്റ്റിൽ ഇനി എത്ര പേർക്ക് പ്രമോഷൻ ലഭിക്കാനുണ്ട്; ഇവർക്ക് പ്രമോഷൻ നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം 5%ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കിയോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ ചിട്ടികൾ</u>

6623 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ ചിട്ടിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ ചിട്ടിയിൽ ചേരാൻ അനുവദിക്കുന്നത്; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് ഈ ചിട്ടി വഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ ഏകോപനം

6624 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സങ്കേതം ഭവന പദ്ധതി</u>

6625 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സങ്കേതം ഭവന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാവപ്പെട്ടവർക്ക് തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം ധനസഹായങ്ങളും സബ്സിഡികളുമാണ് ഉപഭോക്താക്കൾക്ക് പദ്ധതി വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ വീടുനിർമ്മിക്കുന്ന പദ്ധതി</u>

6626 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>മണൽ ഇറക്കുമതി</u>

6627 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽകൊണ്ടുവരുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ കൊണ്ടുവരുന്ന മണൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുളളതെന്ന് വെളിപ്പെടുത്താമോ;

(സി) രൂക്ഷമായ മണൽക്ഷാമം പരിഹരിക്കുന്നതിന് മറ്റു രാജ്യങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യാനുളള അനുമതി നിർമ്മിതി കേന്ദ്രത്തിന് നൽകാനുദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?